# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6375 — 11.07.2012-ൽ മറുപടിക്ക്.

## കണ്ണൂർ വിമാനത്താവള നിർമ്മാണ പങ്കാളികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളം കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിൽ പൊതുമേഖലയിൽ സ്ഥാപിക്കുവാനാണോ, പങ്കാളിത്ത പദ്ധതി പ്രകാരമാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ: | (എ) യും (ബി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി സർക്കാരിന് 26% ഉം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 23% ഉം സർക്കാർ പ്രമോട്ട് ചെയ്യുന്ന INKEL പോലുള്ള സ്ഥാപനങ്ങൾക്ക് 2% ഉം വ്യക്തികൾക്കും മറ്റു സ്വകാര്യ സ്ഥാപനങ്ങൾക്കും 49% ഉം ഓഹരിയുള്ള കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പങ്കാളിത്ത പ്രകാരമാണ് നടപ്പിലാക്കുന്നതെങ്കിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പങ്കാളിത്ത പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ: | | |

| | | | |
|---|---|---|---|
| (സി) | പങ്കാളിത്ത പദ്ധതിയിൽ അംഗമാകുവാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് സർക്കാരിനെ സമീപിച്ച ഏജൻസികൾ ഏതെല്ലാമാണ്: | (സി) | പദ്ധതിയിൽ അംഗമാകുവാൻ സർക്കാരിനെ ഏജൻസികളൊന്നും സമീപിച്ചിട്ടില്ല. എന്നാൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് പ്രമോഷൻ സൊസൈറ്റി തുടങ്ങിയവർ പദ്ധതിയിൽ അംഗമാകുവാൻ KIAL നെ സമീപിച്ചിട്ടുണ്ട്. |
| (ഡി) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പങ്കാളികളാകുവാൻ ആരെയെല്ലാമാണ് ഇപ്പോൾ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ തുടങ്ങിയ കമ്പനികളും കണ്ണൂർ ഇന്റർ നാഷനണൽ എയർപ്പോർട്ട് പ്രമോഷൻ സൊസൈറ്റിയുമാണ് ഇപ്പോൾ പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ